മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് ഭരണ നവീകരണ പരിപാടി. സർക്കാർ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സേവനം സജീവവും കാര്യക്ഷമവും ഉത്തരവാദിത്വ പൂർണ്ണവും വ്യാപകവുമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനാണ് ഇത് ഊന്നൽ നൽകുന്നത്. പത്താം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന മാനവശേഷി വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ നവീകരണം ഉപകരിക്കും.

(ബി) ഭരണ നവീകരണ പരിപാടിക്കു കീഴിൽ സാമൂഹ്യ ക്ഷേമ വകുപ്പിനായി അംഗീകരിച്ചിട്ടുള്ള ഉദ്യമത്തിൽ അഗതികൾക്കും ആലംബഹീനർക്കും വേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള ആനുകൂല്യങ്ങളിൽ കുറവ് വരുത്താതെ കൂടുതൽ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവരെ കണ്ടെത്തി കൂടുതൽ സഹായങ്ങൾ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) നിലവിലുള്ള സേവന ക്ഷേമ പ്രവർത്തനങ്ങൾ സർക്കാരിതര സംഘടനകൾക്ക് കൈമാറാൻ നിർദ്ദേശമൊന്നും പരിഗണനയിലില്ല.

(ഡി) ഏഷ്യൻ വികസന ബാങ്കിന്റെ വായ്പയും, നെതർലന്റ് സർക്കാരിന്റെ ഗ്രാന്റുമാണ് ഭരണ നവീകരണ പരിപാടിക്കുവേണ്ടി അധിക പദ്ധതി വിഹിതമായി കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നത്.

(ഇ) ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട കരാറിന്റെ പകർപ്പുകൾ അവ അംഗീകരിച്ചു കഴിഞ്ഞ ഉടൻ എല്ലാ നിയമസഭാ സാമാജികർക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അത് കേരള സർക്കാരിന്റെ ജാലികയിലും (Website) ലഭ്യമാണ്.

ത്രിതല പഞ്ചായത്തുകൾക്കുള്ള അവാർഡുകളുടെ മാനദണ്ഡം

*21 [20] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് മികച്ച പ്രവർത്തനത്തിനായി സർക്കാർ നൽകിവരുന്ന അവാർഡുകൾ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഇത്തരത്തിൽ നൽകുന്ന അവാർഡുകൾ ഏതൊക്കെയെന്നും ഓരോ അവാർഡിനും എത്ര തുകവീതം നൽകുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം അവാർഡ് ലഭിക്കുന്ന പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് നൽകുന്നതിൽ എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഗ്രാമസഭ, കുടുംബശ്രീ, കേരള വികസനപദ്ധതി, സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി, കമ്പ്യൂട്ടറൈസേഷൻ, നികുതി പിരിവ്, അംഗൻവാടി ഫീഡിംഗ്, നൂതന പദ്ധതികൾ വാർഷിക അക്കൗണ്ട്സ് തയ്യാറാക്കൽ തുടങ്ങിയവയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് മികച്ച ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

കേരള വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, ടോട്ടൽ സാനിട്ടേഷൻ, കമ്പ്യൂട്ടറൈസേഷൻ, വനിതാ ഘടക പദ്ധതി, കലാകായിക സാംസ്കാരിക രംഗം തുടങ്ങിയവയിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് മികച്ച ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

കേരള വികസന പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി, അക്കൗണ്ടിംഗ് സിസ്റ്റം, നൂതന പദ്ധതികൾ, എസ്. എസ്. എൽ സി. റിസൽട്ട് എന്നീ രംഗങ്ങളിലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് മികച്ച ജില്ലാ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

(ബി) സംസ്ഥാനതലത്തിൽ ഒരു ഗ്രാമപഞ്ചായത്തിനേയും ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനത്തേക്ക് ഓരോ ഗ്രാമപഞ്ചായത്തിനേയും തെരഞ്ഞെടുക്കുന്നു.

സംസ്ഥാന തലത്തിൽ മികച്ച പഞ്ചായത്തിന് 5 ലക്ഷം രൂപ അവാർഡ് തുകയും സ്വരാജ് ട്രോഫിയും നൽകുന്നു. കൂടാതെ പ്രത്യേക പദ്ധതി ധനസഹായമായി 25 ലക്ഷം രൂപയും നൽകുന്നുണ്ട്.

ജില്ലാ തലത്തിൽ ഒന്നാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തിന് 1 ലക്ഷം രൂപാ വീതം അവാർഡ്തുകയും സ്വരാജ് ട്രോഫിയും പ്രത്യേക പദ്ധതി ധനസഹായമായി 10 ലക്ഷം രൂപാ വീതവും നൽകുന്നു. രണ്ടാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തിന് പ്രത്യേക പദ്ധതി ധനസഹായമായി 5 ലക്ഷം രൂപാ വീതം നൽകുന്നു.

ഒന്നാം സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്ന ബ്ലോക്ക് പഞ്ചായത്തിന് സ്വരാജ് ട്രോഫിക്ക് പുറമെ 25 ലക്ഷം രൂപയും രണ്ടും മൂന്നും സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നവയ്ക്ക് യഥാക്രമം 15 ലക്ഷം രൂപയും 10 ലക്ഷം രൂപയും പ്രത്യേക ധനസഹായമായി നൽകുന്നു.

മികച്ച ജില്ലാ പഞ്ചായത്തിന് സ്വരാജ് ട്രോഫിയും സർട്ടിഫിക്കറ്റും മാത്രമേ നൽകുന്നുള്ളൂ.

(സി) മുൻഗണന നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly